പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .3298

25.06.2012-ൽ മറുപടിക്ക്

## മണ്ണെണ്ണ വിഹിതം പുന:സ്ഥാപിക്കുവാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിഹിതം പുന:സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് 11.08.10 ന് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 27.06.11-ൽ കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മറുപടി ലഭ്യമായോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനാവശ്യത്തിനായി വിതരണം ചെയ്യുവാൻ പ്രത്യേക മണ്ണെണ്ണക്വാട്ട സംസ്ഥാനത്തിന് അനുവദിക്കാനാകില്ലാത്തതിനാൽ മത്സ്യബന്ധനത്തിന് സബ്സിഡിയില്ലാത്ത മണ്ണെണ്ണ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നു. മണ്ണെണ്ണയ്ക്ക് പകരം മത്സ്യബന്ധന യാനങ്ങളിൽ ഗ്യാസ് ഇന്ധനമായി ഉപയോഗിക്കാവുന്നതാണെന്നും പാചക വാതക കണക്ഷനുള്ളവർക്ക് മണ്ണെണ്ണയുടെ നിലവിലുള്ള വിതരണം ക്രമീകരിക്കണമെന്നും കേന്ദ്രസർക്കാരിന്റെ മറുപടിയിൽ പരാമർശിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ